(ഇ) സംസ്ഥാന മന്ത്രിസഭയിലെ അംഗങ്ങൾക്ക് പ്രത്യേകിച്ച് ആരോഗ്യ മന്ത്രിക്കുപോലും പ്രസ്തുത ആശുപത്രിയിൽ ചികിത്സ നിഷേധിക്കുന്ന അവസ്ഥ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) പ്രസ്തുത ആശുപത്രിയിൽ മുമ്പ് ഡോക്ടർമാർ രോഗികളെ തല്ലിയ സംഭവം ഉണ്ടായിട്ടുണ്ടോ ;

(ജി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സാധാരണക്കാർ മുതൽ മന്ത്രിമാർവരെയുള്ളവർക്ക് നീതിപൂർവ്വമായ ചികിത്സ ലഭിക്കാൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സ തേടി എത്തുന്ന ബഹുമാനപ്പെട്ട സംസ്ഥാന മന്ത്രിമാർക്ക് ആർക്കുംതന്നെ ചികിത്സ നിഷേധിക്കപ്പെട്ടിട്ടില്ല.

(ബി) ഡോക്ടർമാർ തമ്മിൽ ചികിത്സയെ സംബന്ധിച്ച വ്യത്യസ്താഭിപ്രായം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എമർജൻസിയല്ലാത്ത മൈനർ ശസ്ത്രക്രിയയാണ് ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിക്ക് നിശ്ചയിച്ചിരുന്നത്. വേറെ ചില മരുന്നുകൾ കഴിക്കുന്നതിനാൽ ആ മരുന്ന് നിർത്തി 5 ദിവസങ്ങൾക്ക് ശേഷമേ ശസ്ത്രക്രിയ നടത്താവൂ എന്ന കാരണത്താലാണ് ശസ്ത്രക്രിയ മാറ്റി വെച്ചത്.

(സി) ചികിത്സ എവിടെ നടത്തണമെന്ന് തീരുമാനിക്കേണ്ട സ്വാതന്ത്ര്യം ഓരോ വ്യക്തിയിലും നിക്ഷിപ്തമാണ്.

(ഡി) ഇല്ല.

(ഇ) ചികിത്സ നിഷേധിക്കുന്ന അവസ്ഥ ഉണ്ടായിട്ടില്ല.

(എഫ്) ഹൗസ് സർജൻ വർഷങ്ങൾക്കുമുമ്പ് ഒരു രോഗിയെ തല്ലിയ സംഭവം ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തിനെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ജി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നീതിപൂർവ്വമായ ചികിത്സ എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാക്കുന്നതിന് ഉള്ള നടപടികളാണ് നിലവിലുള്ളത്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് പേയിംഗ് കൗണ്ടറിൽ സംഭരിച്ചിരുന്ന ഔഷധങ്ങൾ

135 (852) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പ്രവർത്തിച്ചു വരുന്ന പേയിംഗ് കൗണ്ടറിൽ സംഭരിച്ചിരുന്ന ഒരു കോടിയോളം രൂപയുടെ ഔഷധങ്ങൾ ഉപയോഗ ശൂന്യമായതായുള്ള പത്രവാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം ഇനം മരുന്നുകളാണ് ഇപ്രകാരം കാലാവധി കഴിഞ്ഞ് ഉപയോഗ ശൂന്യമായതെന്നും എത്ര തുക ഈയിനത്തിൽ നഷ്ടപ്പെട്ടുവെന്നും അറിയിക്കാമോ ;

(സി) ഇത്രയധികം ഔഷധങ്ങൾ സ്റ്റോർ മുറികളിൽ ദീർഘകാലം ഉപയോഗിക്കപ്പെടാതെ സൂക്ഷിക്കപ്പെട്ടതിന്റെ ഉത്തരവാദിത്വം ആർക്കെല്ലാമാണ് ;

(ഡി) സ്റ്റോക്ക് വെരിഫിക്കേഷൻ യഥാസമയം നടത്താത്തതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ ;

(ഇ) ഔഷധങ്ങൾ ആരുടെ നിർദ്ദേശപ്രകാരം ഏത് കാലയളവിലാണ് വാങ്ങിയതെന്ന് അറിയിക്കുമോ ;

(എഫ്) പ്രസ്തുത കാലയളവിൽ പർച്ചേസിംഗ് കമ്മിറ്റി അംഗങ്ങൾ ആരെല്ലാമായിരുന്നു ;

(ജി) പർച്ചേസിംഗ് കമ്മിറ്റി എത്ര തവണ യോഗം ചേർന്നുവെന്ന് അറിയിക്കുമോ ;

(എച്ച്) പേയിംഗ് കൗണ്ടറിലെ കൃത്യവിലോപത്തിനും സാമ്പത്തിക ക്രമക്കേടുകൾക്കുമെതിരെ എന്തെല്ലാം നടപടികൾ ഗവൺമെന്റ് നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-എച്ച്) 13-6-2003-ൽ കൂടിയ ആശുപത്രി വികസന സമിതിയുടെ യോഗത്തിൽ ഇക്കാര്യം സംബന്ധിച്ച് കൈക്കൊണ്ട തീരുമാനപ്രകാരം തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, ഫാർമസി വിഭാഗം മേധാവി, രണ്ട് എച്ച്.ഡി.എസ്. മെമ്പർമാർ എന്നിവർ ഉൾപ്പെട്ട 4 അംഗ അന്വേഷണ സമിതിക്ക് രൂപം നല്കിയിട്ടുണ്ട്. ഈ അന്വേഷണ സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

ഇന്ത്യൻ ചികിത്സാ രീതിയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ

136 (853) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ത്യൻ ചികിത്സാ രീതിയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഈ ചികിത്സാ പദ്ധതിക്കായി കഴിഞ്ഞ 2 വർഷങ്ങളിൽ കേന്ദ്രത്തിൽനിന്ന് എത്രതുക അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിൽ എത്ര സംഖ്യ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly